

FRIDAY

10-06-2022

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Sunilkumar R

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/06/2022.

1. കേരള കാർഷിക സർവകലാശാലയുടെ കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം തൈകൾ, വിത്തുകൾ ജൈവനിവേശങ്ങൾ മുതലായവ വിൽപ്പനയ്ക്ക് ലഭ്യമാണ്. ചെറുനാരങ്ങ, ആത്തച്ചക്ക, സുറിനാം ചെറി, പാഷൻ ഫ്രൂട്ട് അവോക്കാഡോ ഗ്രാഫ്റ്റ്, വെസ്റ്റ് ഇന്ത്യൻ ചെറി, കാരമ്പോള, മധുര നെല്ലി, സപ്പോട്ട ഗ്രാഫ്റ്റ്, പനീർ ചാമ്പ, ആര്യ വേപ്പ്, കമുക് (കാസറഗോടൻ, മോഹിത് നഗർ), കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുറ്റി കുരുമുളക്, വള്ളി കുരുമുളക് -പന്നിയൂർ 1,3,6, കുരുമുളക് ഗ്രാഫ്റ്റ്, കറ്റാർവാഴ, ഗ്രാമ്പൂ, സർവസുഗന്ധി, ജാതി തൈ, ഓർണമെന്റൽ പാം എന്നിവയുടെ തൈകൾ, പച്ചക്കറി വിത്തുകൾ, വിവിധ ജൈവവളങ്ങൾ, ജൈവിക കീടരോഗ നിയന്ത്രണ ഉപാധികളായ ട്രൈക്കോഡർമ, സ്യൂഡോമൊണാസ്, വാം, മെറ്റാറൈസിയം, ബ്യൂവേറിയ, ലഷക്കാനിസിലിയം, തെങ്ങിന്റെ കൂമ്പ് ചീയലിനെതിരെയുള്ള ട്രൈക്കോ കേക്ക്, ചെടികളുടെ വളർച്ചയ്ക്കുള്ള ഹ്യൂം പ്ലസ്, മരച്ചീനിയിലയിൽ നിന്നുള്ള ജൈവകീടനാശിനികളായ നന്മ, ശ്രേയ, സൂക്ഷ്മ മൂലകക്കൂട്ട് (അയർ, സമ്പൂർണ), മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, കൂൺ വിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ **0495-2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കാർഷിക സർവകലാശാല വെള്ളാനിക്കര കാർഷിക കോളേജിലെ പ്ലാന്റേഷൻ ആൻഡ് സ്പൈസസ് വകുപ്പിൽ അത്യുല്പ്പാദന ശേഷിയുള്ള ഇഞ്ചി (ആതിര, ചിത്ര), തിപ്പലി (വിശ്വം) തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9447583467** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

3. ഹരിത ഭാവിക്കും, ജീവിത സുരക്ഷയ്ക്കുമായി നെടുമങ്ങാട് ഒന്നിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മുൻനിർത്തി നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള ഉദ്യോഗസ്ഥരും ബ്ലോക്ക് പഞ്ചായത്തും അഗ്നി സുരക്ഷാ ഉദ്യോഗസ്ഥരും ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ വൃക്ഷത്തൈ നട്ട് നാടിന് മാതൃകയായി. പരിസ്ഥിതി ബോധവൽക്കരണത്തോടൊപ്പം അഗ്നി സുരക്ഷാ ഉദ്യോഗസ്ഥരുടെ അവബോധ ക്ലാസും സംഘടിപ്പിച്ചു. നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഡോ. ജോമി ജേക്കബ് അധ്യക്ഷയായ ചടങ്ങ്ഷ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വൃക്ഷ സമൃദ്ധി പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പ്രസിഡന്റ് അമ്പിളിയും അഗ്നി സുരക്ഷാ ഉദ്യോഗസ്ഥനായ ശിവരാജനും വൃക്ഷത്തൈകൾ നട്ടു. തുടർന്ന്

ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ അഗ്നി സുരക്ഷാ ഉദ്യോഗസ്ഥർ നയിച്ച ബോധവൽക്കരണ പരിപാടിയിൽ സുരക്ഷാ ഉദ്യോഗസ്ഥരായ വിപിനും അനിൽകുമാറും വിശദമായി അവബോധ ക്ലാസ് എടുത്തു. ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥരും നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ വരുന്ന 8 കൃഷിഭവനുകളിലെ ഉദ്യോഗസ്ഥരും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥരും കൂടാതെ കർഷകരും ക്ലാസിൽ പങ്കെടുത്തു.

4. പ്രകൃതിദത്തറബ്ബറിന്റെ ഇ-വിപണനസംവിധാനമായ 'എംറൂബി'(mRube) ന്റെ 'ബീറ്റാ വേർഷൻ' കോട്ടയത്ത് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ നടന്ന യോഗത്തിൽ വെച്ച് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ റബ്ബർവിപണനരംഗത്ത് അവിസ്മരണീയവും സവിശേഷവുമായ ഒരു തുടക്കമാണ് ഇ-വിപണനസംവിധാനത്തിലൂടെ സാധ്യമായിരിക്കുന്നതെന്ന് ഡോ. രാഘവൻ ഉദ്ഘാടനവേളയിൽ പറഞ്ഞു. വിവരസാങ്കേതികവിദ്യയിൽ വലിയ മുന്നേറ്റങ്ങൾക്ക് കഴിഞ്ഞ നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു. കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം, ഫലപ്രാപ്തി, സുരക്ഷിതത്വം തുടങ്ങിയ കാരണങ്ങളാൽ വിവരസാങ്കേതികസംവിധാനങ്ങളുടെ സ്വീകാര്യത വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള റബ്ബർവിപണനരീതി കാര്യക്ഷമവും വിപണിവിലയുടെ 90 ശതമാനത്തോളം കർഷകർക്ക് നേടിക്കൊടുക്കാൻ പ്രാപ്തവുമാണ്. എന്നാൽ, കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് ഇ-ട്രേഡിങ് പോലെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള വിപണനസംവിധാനത്തിലേക്കും നാം മാറേണ്ടിവരും. അതിനുള്ള ഏറ്റവും യോജിച്ച സംവിധാനമാണ് 'എംറൂബി' എന്നും ഡോ. രാഘവൻ പറഞ്ഞു.

5. റബ്ബർ നടുമ്പോൾ ശ്രദ്ധിക്കേണ്ട കര്യങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് 2022 ജൂൺ 10 വെള്ളിയാഴ്ച രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് മറുപടി പറയും. കോൾ സെന്റർ നമ്പർ **0481 2576622.**

6. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ 10 രൂപ നിരക്കിൽ ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ ലഭ്യമാണ്.

താൽപര്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബുക്കിംഗിനായി ബന്ധപ്പെടാവുന്നതാണ്

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ കോഴിക്കുഞ്ഞുങ്ങൾ 10 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടികൾ

8. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "സമ്പന്ന മാലിന്യം" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ജൂൺ 15 ന് തുടങ്ങുന്നു . കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. അപേക്ഷിക്കേണ്ട അവസാന തീയതി ഈ മാസം 14 (ജൂൺ 14). 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സെൽ) വെള്ളാനിക്കര കാർഷിക കോളേജിലെ അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി സഹകരിച്ച് **'R' സോഫ്റ്റ്വെയർ ഉപയോഗിച്ച് ഡാറ്റാ അനാലിസിസ്** പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഈ മാസം 21 മുതൽ 25 വരെ (ജൂൺ 21 മുതൽ 25 വരെ) തുടർച്ചയായി 5 ദിവസത്തേക്ക് ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പ്രോഗ്രാം ഷെഡ്യൂൾ ചെയ്തിരിക്കുന്നു. ഡാറ്റ അനലിറ്റിക്സ് പഠിക്കാൻ താൽപ്പര്യമുള്ള രാജ്യത്തെ എല്ലാ സർവ്വകലാശാലകളിലെയും ഫാക്കൽറ്റികൾ, വിദ്യാർത്ഥികൾ, ഡാറ്റാ അനലിസ്റ്റ്, ഗവേഷകർ എന്നിവർക്ക് രജിസ്റ്റർ ചെയ്യാം. പങ്കെടുക്കുന്നവർ https://forms.gle/ubE1jd8bHCa9z9GQA എന്ന

ഗൂഗിൾ ഫോം ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനുള്ള അവസാന തീയതി ജൂൺ 15 ആണ്.

### വിള പരിപാലന നിർദ്ദേശങ്ങൾ

10. വർഷക്കാലത്ത് നടാവുന്ന പച്ചക്കറി വിളകളാണ് മുളക്, വഴുതന ചീര, വെണ്ട എന്നിവ. പച്ചക്കറികൾ നടാനുള്ള കുഴികൾ എടുത്ത് കുമ്മായം ഇട്ട് ഉഴൽ കഴിഞ്ഞ് പച്ചിലയും കാലിവളവും ചേർക്കണം. കുഴിയെടുത്ത് ഉദ്ദേശം മുന്ന് ആഴ്ചകൾ കഴിഞ്ഞ് തൈകൾ നടാം. മഴക്കാലത്ത് വെള്ളം ചുവട്ടിൽ കെട്ടിനിന്ന് വിളകൾ അഴുകിപ്പോകാൻ സാധ്യത ഉള്ളതിനാൽ ഉയർന്ന വാരങ്ങളിലോ കൂനകളിലോ വേണം വിത്ത് ഇടേണ്ടതും തൈ നടേണ്ടതും. വിത്തുകൾ പോട്രേകളിൽ പാകി മുളപ്പിച്ച് തൈകൾ പറിച്ച് നടുന്നതും ഉത്തമമാണ്. മുളക്, വഴുതന തുടങ്ങിയ പച്ചക്കറികൾ നടുമ്പോൾ വേരുകൾ സ്യൂഡോമോണാസ് ലായനിയിൽ മുക്കിവെച്ചതിന് ശേഷം നടുക. അടുക്കളത്തോട്ടത്തിൽ ജൈവവളങ്ങൾക്ക് മുൻഗണന നൽകണം. ഒരു സെന്റിൽ 2.5 കി. ഗ്രാം കുമ്മായവും 100 കി. ഗ്രാം എന്ന തോതിൽ ജൈവ വളവും വേണ്ടിവരും കാലി വളം കമ്പോസ്റ്റ്, മണ്ണിരകമ്പോസ്റ്റ്, പച്ചില, വിവിധതരം പിണ്ണാക്കുകൾ, എല്ലുപൊടി, ചാരം തുടങ്ങിയവ ഉപയോഗിക്കാം. തെക്കു പടിഞ്ഞാൻ മൺസൂണിന്റെ ആരംഭമായതിനാൽ പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ട്രൈക്കോഡർമ്മ 20 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം